"ഭരണഭാഷാ മാതൃഭാഷാ"

ഫോൺ:0494-2686214
ഫാക്സ്:0494-2686009
ഇ-മെയിൽ: farm.kcaet@kau.in

# കേരള കാർഷിക സർവ്വകലാശാല
## ഇൻസ്ട്രക്ഷണൽ ഫാം
കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി
തവനൂർ 679 573

നമ്പർ : ഐ.എഫ്/3385/2020 തിയ്യതി :14.09.2021

## ക്വട്ടേഷൻ/ ലേല പരസ്യം

ഈ സ്ഥാപനത്തിനോടനുബന്ധിച്ചുള്ള ഫാമിലെ പരാഗണത്തിന് മാർക്ക് ചെയ്ത 100 തെങ്ങുകൾ ഒഴികെയുള്ള ഏകദേശം ആയിരത്തി അറുന്നൂറ് (1600) തെങ്ങുകളിൽ നിന്നും മൂപ്പെത്തിയ നാളികേരം **30.09.2021** മുതൽ ഒരു വർഷത്തേക്ക് വിളവെടുപ്പിനുള്ള അവകാശം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മുദ്ര വെച്ച ക്വട്ടേഷനുകൾ സ്വീകരിച്ചും പരസ്യലേലം ചെയ്തും നൽകുന്നു.

| | |
|---|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയ്യതി | **28.09.2021** രാവിലെ **11** മണി വരെ |
| ലേലം വിളിക്കുന്ന സമയം | **28.09.2021** ന് രാവിലെ **11.30** മണിക്ക് |
| ക്വട്ടേഷൻ തുറക്കുന്ന സമയം | **28.09.2021** ന് ലേലത്തിന് ശേഷം |

ക്വട്ടേഷൻ / ലേല വ്യവസ്ഥകൾ

1. ക്വട്ടേഷൻ നിരക്ക് അക്കത്തിലും അക്ഷരത്തിലും എഴുതി ഡീൻ, കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംങ് & ടെക്നോളജി, തവനൂർ എന്ന വിലാസമെഴുതിയ മുദ്ര വെച്ച കവറിൽ നൽകേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
2. ക്വട്ടേഷൻ തരുന്നവരും /ലേലത്തിൽ പങ്കെടുക്കുന്നവരും ക്വട്ടേഷൻ സമർപ്പിക്കുന്ന സമയത്ത് / ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പായി നിരത ദ്രവ്യമായി 10,000/- രൂപ ഈ ഓഫീസിൽ കെട്ടിവെക്കേണ്ടതാണ്. അല്ലാത്തവരുടെ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല./ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
3. ക്വട്ടേഷനിലോ/ലേലത്തിലോ ഏതിലാണ് കൂടുതൽ വില ലഭ്യമാകുന്നതെന്ന് കണക്കിലെടുത്ത് സ്ഥാപന മേലധികാരിക്കു യുക്തമെന്നു തോന്നുന്ന പക്ഷം മാത്രം ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തുന്നതാണ്.
4. ക്വട്ടേഷൻ /ലേലം ഉറപ്പിക്കാത്തവരുടെ നിരത ദ്രവ്യം അന്നുതന്നെ തിരിച്ച് നൽകുന്നതായിരിക്കും.
5. ക്വട്ടേഷൻ/ലേലം വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ നിരത ദ്രവ്യം കാർഷിക സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടാക്കുന്നതാണ്.
6. ക്വട്ടേഷൻ/ലേലം ഉറപ്പിച്ചുകഴിഞ്ഞാൽ പ്രസ്തുത വ്യക്തി ക്വട്ടേഷൻ/ ലേലം തുകയുടെ **5% സെക്യൂരിറ്റി തുക**യായി ലേല ദിവസം തന്നെ അടക്കേണ്ടതും, മൊത്തം ക്വട്ടേഷൻ/ലേലം തുകയുടെ **മൂന്നിൽ ഒരു ഭാഗം** ഉടൻ കെട്ടിവയ്ക്കേണ്ടതും ബാക്കി തുക **ഒരാഴ്ചയ്ക്കകം** അടക്കേണ്ടതുമാണ്. നിശ്ചിത തിയ്യതിക്കകം തുക അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ ക്വട്ടേഷൻ/ലേലം പിടിച്ച ആളുടെ പേരിലുള്ള ക്വട്ടേഷൻ/ലേലം റദ്ദു ചെയ്യുന്നതും അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടുന്നതുമാണ്.
7. യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷൻ/ലേലം തിയ്യതി മാറ്റി വെക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്.

8. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച വ്യക്തി ക്വട്ടേഷൻ/ലേലം തുകയ്ക്ക് ആനുപാതികമായുള്ള ഒരു മുദ്രപത്രത്തിൽ സർവ്വകലാശാലയ്ക്ക് ഒരു നഷ്ടോത്തരവാദിത്വ കരാർ എഴുതി സമർപ്പിക്കേണ്ടതാണ്. കരാർ എഴുതി സമർപ്പിക്കാത്ത പക്ഷം ക്വട്ടേഷൻ/ലേലം പിടിച്ച ആളുടെ പേരിലുള്ള ക്വട്ടേഷൻ/ലേലം റദ്ദു ചെയ്യുന്നതും അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടുന്നതുമാണ്.
9. പ്രവൃത്തി ദിവസങ്ങളിൽ ഫാമിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളൂ. വിളവെടുത്ത നാളികേരം പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് (രാവിലെ 10.00 മണി മുതൽ 4 മണി വരെ) ഫാമിൽ നിലവിലുള്ള നിയമമനുസരിച്ച് മാത്രമേ ഫാമിൽ നിന്ന് പുറത്ത് കൊണ്ടുപോകാൻ പാടുള്ളൂ. ഉൽപന്നങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്.
10. ഈ ക്വട്ടേഷൻ/ലേലം അനുസരിച്ച് വിളവെടുപ്പിനുള്ള അവകാശം ഉറപ്പിച്ച തിയ്യതി മുതൽ ഒരു വർഷം വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.
11. തെങ്ങിന്റെ പൂക്കുല, കുരുത്തോല, പച്ച ഓല, കരിക്ക് എന്നിവ യാതൊരു കാരണവശാലും വെട്ടിയെടുക്കാൻ പാടുള്ളതല്ല.
12. വിളവെടുപ്പ് സമയത്തോ, നാളികേരം കൊണ്ടു പോകുന്ന സമയത്തോ ഫാമിലെ കാർഷിക വിളകൾക്കോ മറ്റു വസ്തുക്കൾക്കോ നാശനഷ്ടമുണ്ടായാൽ ആയതിന്റെ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.
13. ഏറ്റവും അവസാനത്തെ രണ്ട് വിളവെടുപ്പുകൾ തമ്മിൽ ചുരുങ്ങിയത് 45 ദിവസത്തെ ഇടവേള ഉണ്ടായിരിക്കണം.
14. ക്വട്ടേഷൻ/ലേലം പിടിച്ച വ്യക്തി ഫാമിൽ കാവലിന് ആളെ നിർത്തുകയാണെങ്കിൽ ഒരു സമയത്ത് ഒരാൾ എന്ന തോതിൽ മാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളൂ. ഓഫീസിൽ നിന്നും നൽകുന്ന പാസ് കാവലിന് നിൽക്കുന്ന ആൾ കൊണ്ടുനടക്കേണ്ടതാണ്.
15. ഏപ്രിൽ, മെയ് കാലങ്ങളിലെ വിളവെടുപ്പ് സമയത്ത് എല്ലാ തെങ്ങിന്റെയും മണ്ട വൃത്തിയാക്കേക്കേണ്ടതാണ്. സമയാസമയങ്ങളിൽ നാളികേരക്കുലകൾ കെട്ടിയിരിക്കേണ്ടതാണ്.
16. ഫാമിലേക്ക് ആവശ്യമുള്ള വിത്ത് നാളികേരം വിളവെടുക്കുന്ന സമയത്ത് വിത്ത് നാളികേരം ശേഖരിക്കുന്നതിന് ഈ സ്ഥാപനത്തിലെ മേധാവിയോ/ സ്ഥാപന മേധാവി ചുമതലപ്പെടുത്തിയ കമ്മറ്റിയോ നിശ്ചയിക്കുന്ന വിലക്ക് നൽകുന്നതിന് ക്വട്ടേഷൻ/ ലേലം പിടിച്ച വ്യക്തി ബാധ്യസ്ഥനായിരിക്കും.
17. ഫാമിലെ പ്രത്യേകം അടയാളപ്പെടുത്തിയ 100 തെങ്ങുകളിൽ നിന്നും ഈ കരാർ പ്രകാരം നാളികേരം വിളവെടുപ്പ് നടത്തുവാൻ പാടുള്ളതല്ല.
18. യാതൊരു കാരണവും കാണിക്കാതെ ഈ ക്വട്ടേഷൻ/ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതിനോ പിൻവലിക്കുന്നതിനോ ഉള്ള അധികാരം ഉൾപ്പെടെ ഇതുമായി ബന്ധപ്പെട്ട എല്ലാ തീരുമാനവും എടുക്കാനുള്ള അധികാരം ഈ സ്ഥാപനത്തിന്റെ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
19. സർക്കാർ ക്വട്ടേഷന്റെ/ ലേലത്തിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
20. ക്വട്ടേഷനിൽ പങ്കെടുക്കുന്നവരുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. അല്ലാത്തവ നിരസിക്കുന്നതാണ്.

ഒപ്പ്
ഡീൻ ഓഫ് ഫാക്കൽറ്റി (അഗ്രി. എഞ്ചി.)

സ്വീകർത്താക്കൾ

പ്രൊഫസർ ആന്റ് ഹെഡ്/ ഫാം സൂപ്രണ്ട്

പകർപ്പ്:

KAU Website/KCAET Website/DR/ADR (Farm)/KVK/ Engineering Division/ Canteen (നോട്ടീസ് ബോർഡ്)/ വില്ലേജ് ഓഫീസ്, തവനൂർ (നോട്ടീസ് ബോർഡ്)/തവനൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ്/ബ്ലോക്ക് ഓഫീസ്, കുറ്റിപ്പുറം/ബ്ലോക്ക് ഓഫീസ്, പൊന്നാനി/ കൃഷിഭവൻ, തവനൂർ/ കൃഷിഭവൻ കാടഞ്ചേരി, കൃഷിഭവൻ കുറ്റിപ്പുറം, സർവ്വീസ്, കോ-ഓപ്പറേറ്റീവ് ബാങ്ക്, അയങ്കലം/നോട്ടീസ് ബോർഡ് (ഓഫീസ്/മെയിൻ ഗേറ്റ്/ കാഷ് സെക്ഷൻ/ കരുതൽ ശേഖരം/മിച്ചം.